പതിനാലാം കേരള നിയമസഭ

# കാര്യോപദേശക സമിതി

## ഇരുപതാമത് റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021 ജനുവരി

പതിനാലാം കേരള നിയമസഭ

# കാര്യോപദേശക സമിതി

## ഇരുപതാമത് റിപ്പോർട്ട്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021 ജനുവരി

57/2021.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. സമിതിയുടെ ഘടന | .. | v |
| 2. റിപ്പോർട്ട് | .. | 1 |
| 3. 2021 ജനുവരി 11-ന് ചേർന്ന കാര്യോപദേശക സമിതിയുടെ യോഗനടപടിക്കുറിപ്പ് | .. | 2 |

## കാര്യോപദേശക സമിതി

### ഘടന

<u>എക്സ് - ഒഫീഷ്യോ ചെയർമാൻ</u> :

ശ്രീ. പി. ശ്രീരാമകൃഷ്ണൻ (സ്പീക്കർ).

<u>അംഗങ്ങൾ</u> :

ശ്രീ. എ. കെ. ബാലൻ

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. കെ. കൃഷ്ണൻകുട്ടി

ഡോ. എം. കെ. മുനീർ

ശ്രീ. രമേശ് ചെന്നിത്തല

ശ്രീ. എ. കെ. ശശീന്ദ്രൻ

ശ്രീ. പിണറായി വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി.

# റിപ്പോർട്ട്

സഭാ നേതാവും കാര്യോപദേശക സമിതിയംഗവുമായ ഞാൻ സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കാര്യോപദേശക സമിതിയുടെ ഒരു യോഗം 2021 ജനുവരി 11-ാം തീയതി, സഭാ സമ്മേളനത്തിനുശേഷം നിയമസഭാ മന്ദിരത്തിലെ ബി.എ.സി. ഹാളിൽ (റൂം നമ്പർ 520) ചേർന്നു. ബഹുമാനപ്പെട്ട സ്പീക്കർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. സമിതിയുടെ ശിപാർശകൾ താഴെക്കൊടുത്തിരിക്കുന്നു :

പതിനാലാം കേരള നിയമസഭയുടെ ഇരുപത്തിരണ്ടാം സമ്മേളനം 2021 ജനുവരി 22-ന് അവസാനിപ്പിക്കാനും 2021 ജനുവരി 21-ന് ബിസിനസ് പൂർത്തീകരണത്തിനായി ഉച്ച കഴിഞ്ഞ് 2 മണിക്ക് ശേഷവും സഭ ചേരുന്നതിനും ജനുവരി 22-ലെ അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനായി നിശ്ചയിച്ചിരുന്ന സമയം ഗവൺമെന്റ് കാര്യത്തിനായി നീക്കി വയ്ക്കാനും സമിതി ശിപാർശ ചെയ്യുന്നു. അതിൻ പ്രകാരം 2021 ജനുവരി 21, 22 എന്നീ തീയതികളിലെ കാര്യപരിപാടി താഴെപ്പറയും പ്രകാരം ക്രമീകരിക്കാൻ സമിതി ശിപാർശ ചെയ്യുന്നു:

2021 ജനുവരി 21, വ്യാഴം :

(i) 2020-2021 സാമ്പത്തിക വർഷത്തേക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും.

(ii) 2021-2022 സാമ്പത്തിക വർഷത്തേക്കുള്ള വോട്ട് ഓൺ അക്കൗണ്ടിന്റെ ചർച്ചയും വോട്ടെടുപ്പും.

2021 ജനുവരി 22, വെള്ളി - താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തര ഘട്ടങ്ങളും

(i) 2020-2021 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ധനവിനിയോഗ ബിൽ.

(ii) 2021-ലെ ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2021 ജനുവരി 12.

പിണറായി വിജയൻ,
*സഭാ നേതാവും*
*കാര്യോപദേശക സമിതി അംഗവും.*

<u>അനുബന്ധം</u>

## 2021 ജനുവരി 11-ന് ചേർന്ന കാര്യോപദേശക സമിതിയുടെ യോഗനടപടിക്കുറിപ്പ്

കാര്യോപദേശക സമിതിയുടെ ഒരു യോഗം 2021 ജനുവരി 11-ാം തീയതി, തിങ്കളാഴ്ച സഭാ സമ്മേളനത്തിനുശേഷം രാവിലെ 10.25-ന് നിയമസഭാ മന്ദിരത്തിലെ ബി. എ. സി. ഹാളിൽ (റൂം നമ്പർ 520) ചേർന്നു. ബഹുമാനപ്പെട്ട സ്പീക്കർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ യോഗത്തിൽ സന്നിഹിതരായിരുന്നു:

ശ്രീ. ഇ. ചന്ദ്രശേഖരൻ

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. കെ. കൃഷ്ണൻകുട്ടി

ഡോ. എം. കെ. മുനീർ

ശ്രീ. രമേശ് ചെന്നിത്തല

ശ്രീ. എ. കെ. ശശീന്ദ്രൻ

ശ്രീ. പിണറായി വിജയൻ

ശ്രീ. അനൂപ് ജേക്കബ്, (പ്രത്യേക ക്ഷണപ്രകാരം)

ശ്രീ. കെ. സി. ജോസഫ് "

ശ്രീ. ഒ. രാജഗോപാൽ "

ശ്രീ. കെ. രാജൻ "

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി "

ശ്രീ. എസ്. ശർമ്മ "

ശ്രീ. വി. എസ്. സുനിൽ കുമാർ "

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഡി. ഡി. ഗോഡ്ഫ്രി, ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. പി. ഉണ്ണികൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി.

പതിനാലാം കേരള നിയമസഭയുടെ ഇരുപത്തിരണ്ടാം സമ്മേളനം 2021 ജനുവരി 22-ന് അവസാനിപ്പിക്കാനും 2021 ജനുവരി 21-ന് ബിസിനസ് പൂർത്തീകരണത്തിനായി ഉച്ച കഴിഞ്ഞ് 2 മണിക്ക് ശേഷവും സഭ ചേരുന്നതിനും ജനുവരി 22-ലെ അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനായി നിശ്ചയിച്ചിരുന്ന സമയം ഗവൺമെന്റ് കാര്യത്തിനായി നീക്കി വയ്ക്കാനും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു. അതിൻ പ്രകാരം 2021 ജനുവരി 21, 22 എന്നീ തീയതികളിലെ കാര്യപരിപാടി താഴെപ്പറയും പ്രകാരം ക്രമീകരിക്കാൻ ശിപാർശ ചെയ്യുന്നതിനും സമിതി തീരുമാനിച്ചു

| | |
|---|---|
| 2021 ജനുവരി 21, വ്യാഴം | : (i) 2020-2021 സാമ്പത്തിക വർഷത്തേക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും.<br>(ii) 2021-2022 സാമ്പത്തിക വർഷത്തേക്കുള്ള വോട്ട് ഓൺ അക്കൗണ്ടിന്റെ ചർച്ചയും വോട്ടെടുപ്പും. |
| 2021 ജനുവരി 22, വെള്ളി | <u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തര ഘട്ടങ്ങളും:</u><br>(i) 2020-2021 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ധനവിനിയോഗ ബിൽ.<br>(ii) 2021-ലെ ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ. |

യോഗം രാവിലെ 10.40-ന് പിരിഞ്ഞു.

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.